# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.837 30.06.2015-ൽ മറുപടിയ്ക്ക്**

<u>നേമം നിയോജക മണ്ഡലത്തിലെ കൊട്ടൂർകോണം കുളം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശിവൻകുട്ടി: | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നേമം നിയോജക മണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിലെ, ചെറുകിട ജലസേചന വകുപ്പിന്റെ കീഴിലുള്ള കൊട്ടൂർകോണം കുളത്തിലേക്ക് ചില പരിസരവാസികൾ കക്കൂസ് മാലിന്യം തുറന്ന് വിട്ട് മലിനമാക്കുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി)&(സി) പ്രസ്തുത കുളത്തിലേക്ക് കക്കൂസ് മാലിന്യം തുറന്ന് വിട്ട് കുളം മലിനമാക്കിയ എട്ട് വ്യക്തികൾക്കെതിരെ, മാലിന്യ നിക്ഷേപ പൈപ്പുകൾ നീക്കം ചെയ്യുവാനായി തിരുവനന്തപുരം എം.ഐ. സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 27.03.2014 ലെ എം.ഐ.റ്റി120 /2010 നമ്പർ പ്രകാരം കത്ത് നൽകിയിട്ടുണ്ട്. 3 പേർക്കുള്ള കത്ത് കൈപ്പറ്റാതെ തിരികെ വരികയും ചെയ്തു. ജലസേചന വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നിയമനടപടി സ്വീകരിക്കേണ്ടത് കേരള മുനിസിപ്പൽ ആക്ട് വകുപ്പ് 208 (എ) പ്രകാരം പ്രസ്തുത കുളത്തിന്റെ ഉടമസ്ഥാവകാശമുള്ള തിരുവനന്തപുരം കോർപ്പറേഷനാണ്. |
| (സി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**